**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** **14-10-2024 - ൽ മറുപടിയ്ക്ക്**

**ടെലികമ്മ്യൂണിക്കേഷൻ/സൈബർ പൊലീസ് സ്റ്റേഷനുകളിലെ സി.പി.ഒ. തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ സൈബർ പൊലീസ് സ്റ്റേഷനുകൾ ആരംഭിച്ചപ്പോൾ പുതുതായി സി.പി.ഒ. തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വിശദമാക്കാമോ; | (എ) | എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പുതിയ തസ്തികകളും, മറ്റിടങ്ങളിൽ പുനർവിന്യാസം വഴിയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | പൊലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ എസ്.ഐ., എച്ച്.സി. തുടങ്ങിയ ഉദ്യോഗസ്ഥരെക്കൊണ്ട് സൈബർ കേസുകൾ അന്വേഷിപ്പിക്കുന്നുണ്ടോ; എങ്കിൽ സൈബർ വിഭാഗത്തിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാന യോഗ്യതയുള്ളവരെയാണോ അതിനായി നിയമിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഇൻഫർമേഷൻ ടെക്നോളജി ആക്ട് പ്രകാരമുള്ള കേസുകൾ ഇൻസ്പെക്ടർ ഓഫ് പോലീസ് ആണ് അന്വേഷിക്കുന്നത്. |
| (സി) | ഭാരതീയ ന്യായ സംഹിതയിലും ഭാരതീയ നാഗരിക സുരക്ഷാ സംഹിതയിലും ഭാരതീയ സാക്ഷ്യ സംഹിതയിലും പരിജ്ഞാനമില്ലാത്ത ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ ഉദ്യോഗസ്ഥൻ അന്വേഷിച്ച് കോടതിയിൽ സമർപ്പിക്കുന്ന കേസുകളുടെ നിയമസാധുത കോടതികളിൽ ചോദ്യം ചെയ്യപ്പെടും എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കെ.സി.പി വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ അന്വേഷണ മികവും ഒപ്പം ഉദ്യോഗസ്ഥരുടെ സാങ്കേതിക മികവും ഏകോപിപ്പിച്ചുകൊണ്ട് കൃത്യവും സമഗ്രവുമായ അന്വേഷണമാണ് നിലവിൽ നടന്നു വരുന്നത്. തിരുവനന്തപുരം സിറ്റി, കൊച്ചി സിറ്റി, കോഴിക്കോട് സിറ്റി എന്നീ സൈബർ പോലീസ് സ്റ്റേഷനുകളിൽ ഡി.വൈ.എസ്.പി മാരും മറ്റു സൈബർ പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരുമാണ് സ്റ്റേഷൻ ഹൗസ് ഓഫീസർമാർ. |
| (ഡി) | പൊലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്ന തരത്തിൽ ഈ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (ഡി) | ടെലി കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ പ്രവർത്തനത്തെ ഗുരുതരമായി ബാധിക്കുന്ന തരത്തിൽ ഈ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം വെട്ടിക്കുറച്ചിട്ടില്ല. |
| (ഇ) | ഒരു സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. മുഖേന പൊലീസിലെ ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ഉദ്യോഗത്തിൽ കയറിയ 261 ഉദ്യോഗസ്ഥരെ അവരുടെ സമ്മതമില്ലാതെ ലോക്കൽ പൊലീസിന്റെ തസ്തികയിലേക്ക് മാറ്റിയത് നിലവിലെ നിയമന | (ഇ) | കാലോചിതമായി തസ്തിക പുനർനിർണ്ണയിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഇത് സർക്കാർ പിന്തുടരുന്ന നയത്തിന്റെ ഭാഗവുമാണ്. |

| | | | |
|---|---|---|---|
| | മാനദണ്ഡങ്ങൾ പാലിച്ച കൊണ്ടാണോ; എങ്കിൽ അത് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ